(ജെ) ആകെ 1,42,750 സീറ്റുകൾ ഉണ്ടാകും.

(കെ) പ്രീഡിഗ്രിക്ക് ആകെ 1,06,830 സീറ്റുകളാണ് ഉണ്ടായിരുന്നത്.

അംഗീകാരമില്ലാത്ത സ്കൂളുകൾ

11(*101) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടാൻ സർക്കാർ ഇറക്കിയ ഉത്തരവ് നടപ്പിലാക്കാൻ കർശന നടപടി സ്വീകരിക്കുമോ ;

(ബി) അംഗീകാരമില്ലാത്ത സ്കൂളുകൾ ആരംഭിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുമോ ;

(സി) ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടാൻ ബന്ധപ്പെട്ട സ്കൂൾ മാനേജ്മെന്റിന് നിർദ്ദേശം നൽകുമോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ഡി.ഇ.ഒ.മാർക്കും എ.ഇ.ഒ. മാർക്കും നിർദ്ദേശം നൽകുമോ ;

(ഇ) അടച്ചുപൂട്ടുന്ന അംഗീകാരമില്ലാത്ത സ്കൂളുകളുടെ 5 കിലോമീറ്റർ ചുറ്റളവിൽ സ്കൂളുകൾ ഇല്ലെങ്കിൽ പുതിയ സ്കൂളുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ച കുട്ടികൾക്ക് മറ്റ് സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) അംഗീകാരമില്ലാത്ത സ്കൂളുകൾ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന നടപടി നിയന്ത്രിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നുണ്ട്.

(സി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ വച്ച് പരീക്ഷ നടത്തി ടി.സി. നൽകുന്നത് സർക്കാർ തടഞ്ഞിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) വിദ്യാഭ്യാസ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ചിരുന്ന കുട്ടികളെ ഈ അദ്ധ്യായന വർഷത്തിൽ (2000-2001) 5, 6, 7 ക്ലാസ്സുകളിൽ സർക്കാർ/എയിഡഡ്/ അംഗീകൃത സ്കൂളുകളിൽ എലിജിബിലിറ്റി ടെസ്റ്റിന് വിധേയമാക്കി അവരുടെ വയസ്സിന്റെയടിസ്ഥാനത്തിൽ ടി.സി. ഇല്ലാതെ അഡ്മിഷൻ നൽകാൻ നിർദ്ദേശിച്ചുകൊണ്ട് ജി.ഒ.(പി) നം. 177/2000/പൊ.വി.തീയതി 31-5-2000 തീയതിയായി സർക്കാർ ഒരു പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ രക്ഷിതാക്കളുടെ വ്യക്തിഗത അപേക്ഷകളിൻമേൽ, പ്രസ്തുത കുട്ടികളെ ഈ അദ്ധ്യയന വർഷത്തിൽ 2 മുതൽ 4-ാം ക്ലാസ്സുവരെ എലിജിബിലിറ്റി ടെസ്റ്റിന് വിധേയമാക്കാതെയും 8 മുതൽ 10-ാം ക്ലാസ്സ് വരെ എലിജിബിലി ടെസ്റ്റിന് വിധേയമാക്കിയും കുട്ടികളെ വയസ്സു മാനദണ്ഡമാക്കി ടി.സി. കൂടാതെ അഡ്മിഷൻ അനുവദിക്കാൻ വ്യക്തിഗത ഉത്തരവുകൾ നൽകി വരുന്നു.

സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിന് പദ്ധതി

12(*102) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിന് ഭൂമിക്ക് മിനിമം വില നിശ്ചയിക്കാനുള്ള ഒരു പദ്ധതിക്ക് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കിക്കൊണ്ട് ഇത് പ്രാവർത്തികമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മുദ്രവില വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്. വില്ലേജ് തല, താലൂക്ക് തല ന്യായവില നിർണ്ണയ സമിതികൾ രൂപീകരിച്ച് ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly